നവംബർ, ഡിസംബർ 2021

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ




ചെറുപുഷ്പം
ഗോൾഡ് ലോൺ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
കൂടുതൽ
വായ്പ
കുറഞ്ഞ
പലിശ
ഉയർന്ന
കാലാവധി
Olarikkara, Pullazhi P.O, Thrissur 680012
Ph : 2360846, 2360202, 2365890
Customer Care : 8547667788, 8547778899

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ - 680003
ഫോൺ: 0487 - 2360259
Email:mariyanadham.info@gmail.com
www.ayyantholechurch.com

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ

**പുസ്തകം 27**
**നവംബർ**
**ഡിസംബർ 2021**
**ലക്കം 10**


## ഈ ലക്കത്തിൽ


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| പ്രതിനിധിയോഗ തീരുമാനങ്ങൾ | 05 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 06 |
| ഓർമ്മിക്കുക ആചരിക്കുക | 07 |
| വിൻസന്റ് ഡി പോൾ വാർത്തകൾ | 08 |
| മരിയനാദം വാർത്തകൾ | 08 |
| ക്രിസ്തുമസ് ചിന്തകൾ | 09 |
| റൊട്ടി റോസാപ്പൂവാക്കി ദൈവം | 10 |
| സകലവിശുദ്ധർ | 11 |
| വി. ഫ്രാൻസിസ് സേവ്യർ | 12 |
| നാവിനെ നിയന്ത്രിക്കുക | 13 |
| ക്രിസ്തുമസ് ചിന്തകൾ | 14 |
| അപ്പനെന്റെ സാഹസം | 15 |
| 'മറവി, നമ്മുടെ അശ്രദ്ധ കാരണമല്ല' | 17 |
| സെന്റ് പീറ്റർ കുടുംബകൂട്ടായ്മ | 19 |
| ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയവർ | 22 |
| ശിശുക്കളുടെ ഭാവി മാതാപിതാക്കന്മാരുടെ കരങ്ങളിലാണ് | 27 |
| ഞങ്ങൾ വരവായി | 28 |
| ഞങ്ങൾ യാത്രയായി | 28 |
| ഞങ്ങൾ ഒന്നായി | 29 |
| ഇടവകയിൽ നിന്നും മാറിപോയവർ | 29 |
| BIBLE QUIZ | 30 |
| ചായകൂട്ട് മത്സരം | 32 |


## പത്രാധിപസമിതി


ചീഫ് എഡിറ്റർ
ഫാ. **ജെയ്സൻ പുന്നശ്ശേരി** +91 9526131319

മാനേജിംഗ് എഡിറ്റർ
ശ്രീ. **കെ.എ. മാത്യു** +91 9388842296

അഡീഷണൽ മാനേജിംഗ് എഡിറ്റർ
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 7306711871

അസോസിയേറ്റ്ഡ് എഡിറ്റേഴ്സ്
റവ. സി. **കാതറിൻ CHF** +91 9497301738
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീമതി. **ജെൻസി ജൂപ്പിറ്റർ തരകൻ** +91 9497061927
ശ്രീ. **ജെയ്സൺ കുള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **സ്റ്റീഫൻ മാപ്രാണത്ത്** +91 9446336573
ശ്രീ. **മേജോ കെ.ജെ** +91 9847865010
ശ്രീ. **ജിതിൻ ജോജു** +91 8606006298
ശ്രീ. **സെജിൻ സെബി** +91 9446023663
ശ്രീ. **ജേക്കബ് തോലത്ത്** +91 9495565910

എക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504
(കേന്ദ്രസമിതി കൺവീനർ)
ശ്രീ. **ബെഞ്ചമിൻ വർഗ്ഗീസ്** +91 9495039510
(നടത്തുകൈക്കാരൻ)


## ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 8.00 a.m**

നടത്തുകൈക്കാരൻ
ശ്രീ. **ബെഞ്ചമിൻ വർഗ്ഗീസ്**
+91 9495039510

## പള്ളി ഓഫീസ് സമയം

സാധാരണ ദിവസങ്ങളിൽ 7.00 a.m. - 8.00 a.m.
6.00 p.m. - 8.30 p.m.
ഞായർ 10.30 a.m. - 12.30 p.m.

**തിങ്കൾ അവധി**

കപ്യാർ : **വിൽസൺ ആളൂർ കൊക്കൻ –+919745844551**

# എഡിറ്റോറിയൽ

## ഇമ്മാനുവേലിനെ വരവേൽക്കാം...

വില്യം ഷേക്സ്പിയർ തന്റെ ഹാംലെറ്റ് എന്ന നാടകത്തിൽ ഇപ്രകാരം വ്യക്തമാക്കുന്നു. വധിക്കപ്പെട്ട പിതാവിന്റെ ആത്മാവ് ഹാംലെറ്റിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് പറയുന്നു. നിശ്ചിതകാലഘട്ടത്തിലേക്ക് അന്ധകാരത്തിൽ നടത്തുന്നതിനായി വിധിക്കപ്പെട്ടിരിക്കുന്ന നിന്റെ പിതാവിന്റെ ആത്മാവാണ് ഞാൻ. ജീവിതകാലത്ത് ഞാൻ ചെയ്തിട്ടുള്ള അതിക്രമങ്ങൾ ദഹിപ്പിക്കപ്പെടുകയും ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നതുവരെയുള്ള കാലഘട്ടത്തേക്കായി അഗ്നിക്കുള്ളിൽ ഞാൻ ബന്ധിക്കപ്പെട്ടിരിക്കുകയാണ്. ക്രൈസ്തവരുടെ ഇടയിൽ ശുദ്ധീകരണസ്ഥലത്തെപ്പറ്റിയുള്ള വിശ്വാസം 8-ാം നൂറ്റാണ്ടിൽ എത്ര അടിയുറച്ചതായിരുന്നു എന്ന് ഇത് വ്യക്തമാക്കുന്നു.

മർത്യൻ എന്ന പേര് മരണമുള്ളതുകൊണ്ടാണല്ലോ മനുഷ്യന് കിട്ടിയത്. ജീവന്റെ വെളിച്ചം നമ്മിൽ ഇല്ലെങ്കിൽ നാം മൃതരാണ്. മരിച്ചവനെ ഉണരുക; മൃതരിൽനിന്ന് ഉണരുവാൻ ക്രിസ്തു നമ്മുടെമേൽ പ്രകാശിക്കട്ടെ. ഈ ഭൂമിയിൽ നാം തീർത്തും അജ്ഞാതരായിരിക്കണം. ജനനത്തിനും മരണത്തിനുമിടയ്ക്കുള്ള ഇഹലോകജീവിതം മരണതുല്യമായ ജീവിതത്തിനല്ല; അതിനപ്പുറമുള്ള ജീവിതത്തിനായി ഒരുങ്ങാനുള്ളതാണ്. വീട്ടിലേക്കുള്ള തിരിച്ചുപോക്കാണെന്നാണ് മദർ തെരേസ പറയുക. ഉപവാസമനുഷ്ഠിക്കാതെ വിരുന്ന് ആസ്വദിക്കാനാവുമോ എന്ന് ഫുൾട്ടൻ ജെ. ഷീനും എഴുതിവച്ചു. അൾത്താരവണക്കത്തിനായി ഉയർത്തപ്പെട്ട വിശുദ്ധർ ദിവ്യഗുരുവിന്റെ പാത പിൻതുടർന്നതുതന്നെയാണ് നമ്മുടെയും രക്ഷാമാർഗം.

ദൈവത്തിന്റെ പുത്രൻ വിണ്ണിൽ നിന്നും ഇറങ്ങിവന്ന് ലോകചരിത്രത്തെ ബിസി-എഡി എന്ന് രണ്ടാക്കി വിഭജിച്ച സംഭവം - ആ പുണ്യദിനത്തിന്റെ ഓർമ്മ കൊണ്ടാടാൻ നാം ഉത്സാഹത്തോടെ ഒരുങ്ങുകയാണ്. അനുദിനം രൂപഭാവങ്ങൾ മാറിക്കൊണ്ടിരിക്കുന്ന ഈ അന്ധകാരലോകത്തിന് വെളിച്ചമേകട്ടെ ഇപ്രാവശ്യം ഇമ്മാനുവേലിന്റെ വരവ്. ജീവന് വിലയില്ലാത്ത വിധം മനുഷ്യൻ നെട്ടോട്ടമോടുമ്പോൾ ഒരു നിമിഷം നിൽക്കൂ ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ കേൾക്കൂ - പുൽക്കൂട്ടിലേക്ക് ഒന്നു കുനിഞ്ഞു നോക്കൂ. മാതാവും യൗസേപ്പിതാവും പൂജരാജാക്കന്മാരും ആട്ടിടയരും ആ കുഞ്ഞുദൈവത്തെ എത്ര ആദരവോടെയാണ് ആരാധിക്കുന്നത്. ചിന്തിക്കൂ. നമുക്കും അല്പസമയം ഉണ്ണീശോയോടൊത്താവാം. സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ക്രിസ്തുമസ് മംഗളങ്ങൾ ഏവർക്കും സ്നേഹത്തോടെ നേരുന്നു.

**പത്രാധിപസമിതി**

# ഇടയശബ്ദം



**സ്നേഹംനിറഞ്ഞ കുടുംബാംഗങ്ങളേ,**

സ്വർഗ്ഗം ലക്ഷ്യമാക്കി ജീവിക്കുകയും നന്മരണത്തെ മുന്നിൽ കണ്ട് സൽപ്രവൃത്തികളാൽ ജീവിതത്തെ ധന്യമാക്കുകയും ചെയ്യേണ്ടതിനെക്കുറിച്ച് ഓർമ്മപ്പെടുത്തിക്കൊണ്ട് നവംബർ മാസം കടന്നുപോകുകയാണല്ലോ. പൂർവ്വികരുടെ ബലഹീനമായ ജീവിതത്തിൽ അവർക്ക് നേരിട്ട പരാജയങ്ങളിൽ പ്രാർത്ഥനാ സഹായമായി നമുക്കിനിയും ബലിയർപ്പിക്കാം. നന്മരണ മധ്യസ്ഥനായ വി. യൗസേപ്പിതാവ് നമ്മെ നല്ല മരണത്തിനായ് അനുഗ്രഹിക്കട്ടെ.

ഒത്തിരി ഭയപ്പാടോടെയാണ് ഞാൻ കഴിഞ്ഞ 2021 നവംബർ 13ലെ പത്രത്തിലൂടെ കണ്ണോടിച്ചത്. കാരണം മറ്റൊന്നുമല്ല ലഹരി കുറ്റമല്ലത്രെ! ലഹരിവസ്തുക്കളുടെ ഉപയോഗത്തെക്കുറിച്ചുള്ള ഇന്ത്യാരാജ്യത്തെ പുതിയനിയമനിർമ്മാണത്തെ സംബന്ധിച്ച്!! ലഹരി, മയക്കുമരുന്ന് ചെറിയ അളവിൽ സൂക്ഷിക്കാമത്രേ. ലഹരിക്ക് അടിമകളായവരെ ഇരകളായി കണ്ട് അവർക്ക് ശിക്ഷ ഒഴിവാക്കി അവർക്ക് തുടർചികിത്സ നൽകാതെ പുതിയ നിയമനിർമ്മാണം നടത്താൻ പോകുകയാണത്രെ. ലഹരിക്കടത്തുക്കാർക്ക് രക്ഷപ്പെടാൻ ഇനി എന്തുവേണം. ഇനി എന്തൊക്കെ കാണണം. ലഹരി ഉപഭോക്താക്കളുടെ പറുദീസയാകും ഇനി നമ്മുടെ നാട്. കഷ്ടം! സുബോധം നഷ്ടപ്പെട്ട വർഗ്ഗീയ വിഷം തുപ്പുന്ന ഭരണാധികാരികൾക്ക് യഥേഷ്ടം വിഹരിക്കാൻ സുബോധം നഷ്ടപ്പെട്ട ഒരു തലമുറയെ സൃഷ്ടിക്കുക. അതല്ലാതെ ഇതിൽ നിന്നും എന്താണ് മനസ്സിലാക്കാൻ സാധിക്കുക.

സത്യം മൂടിവയ്ക്കുന്ന, അർദ്ധസത്യങ്ങൾ ജനങ്ങളിൽ എത്തിക്കുന്ന മാധ്യമങ്ങളും, സ്വന്തം നന്മമാത്രം നോക്കു

ന്ന നേതാക്കന്മാരും, ജനത്തിന്റെ ആരോഗ്യത്തെയും, നില നിൽപ്പിനേയും കുറിച്ച് യാതൊരു പരിഗണനയുമില്ലാത്ത സാംസ്കാരിക നായകന്മാരും സത്യം തുറന്ന് പറയുന്നവനെ ഒറ്റപ്പെടുത്തുകയും, നശിപ്പിക്കുവാൻ ശ്രമിക്കുന്ന നിരീശ്വര-ജിഹാദി പ്രത്യയശാസ്ത്രങ്ങളും സാധാരണക്കാരന്റെ ധാർമ്മിക-മൂല്യബോധത്തെ തകർത്തുകളയുന്നു. സാധാരണ ജനം എങ്ങനെ ജീവിക്കും എന്നതിനെക്കുറിച്ച് ആകുലരാണ്.

ഭവനങ്ങളിലാണെങ്കിൽ മാതാപിതാക്കൾ നിസ്സഹായരാണ്. ഓൺലൈൻ ക്ലാസ്സിന്റെ പേരിൽ കുട്ടികളുടെ മേലുള്ള നിയന്ത്രണം നഷ്ടപ്പെട്ടു. സാങ്കേതികവിദ്യയിൽ പുറകിലായ മുതിർന്ന തലമുറക്ക് യുവതലമുറയുടെ ഒപ്പമെത്താൻ, നിയന്ത്രിക്കാൻ കഴിയാതെ നിസ്സഹായരായി നോക്കി നിൽക്കേണ്ടിവരുന്നു. എന്നെങ്കിലുമൊക്കെ നിർദ്ദേശം കൊടുക്കാൻ mental harrassmentന്റെയും, പീഢനത്തിന്റെയും threateningന്റെ മുമ്പിൽ ആത്മീയ നേതാക്കൾക്കും നിശബ്ദത പാലിക്കേണ്ടിവരുന്നു. ഈ കഴിഞ്ഞ ആഴ്ചകളിൽ മുതിർന്ന ഒരു പെൺകുഞ്ഞ് പറയുകയാ, എന്റെ അച്ചാ എന്റെ ക്ലാസ്സിലെ കുട്ടികളെല്ലാവരും പറയുന്നു എനിക്ക് ഭയങ്കര maturity ആണെന്ന്. പക്ഷെ പപ്പയ്ക്കും മമ്മിക്കും അങ്ങിനെയല്ലത്രേ!!!

വചനം നിരന്തരം വായിച്ചും, പഠിച്ചും കേട്ടും നമുക്ക് ഡിസംബർ മാസത്തിൽ പ്രാർത്ഥിക്കാം. വചനത്തിന് സൗഖ്യപ്പെടുത്താൻ കഴിയാത്ത ആത്മീയ രോഗങ്ങളൊന്നുമില്ലല്ലോ. കർത്താവിന്റെ വചനം നമ്മുടെ അസ്വസ്ഥമായ കുടുംബത്തിനും, സമൂഹത്തിനും ആശ്വാസവും അനുഗ്രഹവുമാകട്ടെ.

ഒത്തിരി സ്നേഹത്തോടെ,
**നിങ്ങളുടെ ജെയ്സനച്ചൻ**

## 26.09.2021 ലെ പ്രതിനിധിയോഗ തീരുമാനങ്ങൾ

1. 2021 ആഗസ്റ്റ് മാസത്തെ കണക്കും ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
2. പുതിയ കൈക്കാരന്മാർ ചുമതല ഏറ്റെടുത്തു.
3. അഡ്വ. ജോസ് ഡേവിസിനെ ഡയറക്ടറി കമ്മിറ്റിയുടെ കൺവീനറായി തിരഞ്ഞെടുത്തു.
4. റപ്പായേൽ മാലാഖയുടെ തിരുനാൾ കോവിഡ് പ്രോട്ടോക്കോളിനു വിധേയമായി സമുചിതമായി ആഘോഷിക്കുവാൻ തീരുമാനിച്ചു.
5. പള്ളിയുടെ സെമിത്തേരിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മുമ്പ് വികാരിയച്ചന്റേയും കൈക്കാരന്മാരുടേയും പക്കൽനിന്ന് രേഖാമൂലമുള്ള അനുമതി വാങ്ങിയിരിക്കണം. അതിരൂപതാ നിയമങ്ങൾക്ക് വിധേയമായി കല്ലറകൾക്ക് പള്ളി നിർമ്മിച്ചിട്ടുള്ള കോൺക്രീറ്റ് സ്ലാബിൽ നിന്ന് ആറ് ഇഞ്ച് ഉയരവും ആറ് അടി നീളവും രണ്ട് അടി വീതിയും ആയിരിക്കണം.
6. പള്ളിയിൽ ഉപയോഗിച്ച പഴയതിരുവസത്രങ്ങളും മറ്റ് വസ്തുക്കളും ഫിയറ്റ് മിഷനിലേക്ക് നൽകാനും സങ്കീർത്തിയിലെ കബോർഡുകൾ പെയിന്റ് ചെയ്ത് ആവശ്യമായ ക്ലീനിംഗ് വർക്കുകൾ നടത്താനും തീരുമാനമെടുത്തു.
7. ഷോപ്പിംഗ് കോംപ്ലക്സിന് മുകളിൽ ട്രസ്സ് വർക്ക് ചെയ്യാൻ ലഭിച്ചിട്ടുള്ള ക്വട്ടേഷനുകൾ തുറന്ന് തീരുമാനമെടുക്കാൻ നിലവിലെ കൈക്കാരന്മാരേയും പുതിയതായി തിരഞ്ഞെടുക്കപ്പെട്ട കൈക്കാരന്മാരേയും വികാരിയച്ചനേയും ചുമതലപ്പെടുത്തി.
8. ഷോപ്പിംഗ് കോംപ്ലക്സിന്റെ മുമ്പിലും സൈഡ് വഴിയിലും ഗെയ്റ്റ് വയ്ക്കുന്നതിനും പില്ലറുകൾ സ്ഥാപിച്ച് ചെയിൻ ഇടുന്നതിനും തീരുമാനിച്ചു. ഷോപ്പിംഗ് കോംപ്ലക്സിലും പരിസരത്തും ക്യാമറ വയ്ക്കുന്നതിനെ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് തീരുമാനിച്ചു. ആയതിന് കൈക്കാരന്മാരെ ചുമതലപ്പെടുത്തി. മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് വാടകക്കാർക്ക് നിശ്ചിതസ്ഥലം നൽകുന്നതിനും ആയതിന് പൂട്ടുകൾ നൽകാനും തീരുമാനിച്ചു.
9. ലോക്ക്ഡൗൺ സമയത്ത് ഒരു മാസത്തെ വാടക വിട്ടുകൊടുക്കാൻ തീരുമാനിച്ചു.

പ്രതിനിധിയോഗം സെക്രട്ടറി
**ബിനിത ക്രൈസ്റ്റ്**

# കുടുംബകൂട്ടായ്മ വാർത്തകൾ

1. **ക്രിസ്തുമസ് പുൽകൂട് മത്സരം**

   24.12.21 തിയ്യതി 6pm ന് ഒരുയൂണിറ്റ് ഒരു പുൽകൂട്. കേന്ദ്രസമിതി സെക്രട്ടറി മേരി ടിച്ചറിനെ അറിയിക്കേണ്ടതാണ്

2. കുടുംബ കൂട്ടായ്മ മീറ്റിംഗ് പള്ളിഹാൾ സാകര്യാർത്ഥം നോക്കികോവിഡ് നിബന്ധനകൾ പാലിച്ചു മാത്രം നടത്തുക വീടുകളിൽ നടത്തരുത്.

3. നമ്മുടെ ഇടവകയിലെ 10th 12th ക്ലാസ്സിൽ Full A+ കിട്ടിയവർക്കും പ്രഫഷണൽ കോഴ്സ് ഉന്നത വിജയം നേടിയവർക്കും അനുമോദനങ്ങൾ നൽകുന്നതിനും, പാരിഷ് ബുള്ളറ്റിൻ മരിയ നാദത്തിൽ പ്രസിദ്ധീകരിക്കുന്നതിനും തീരുമാനിച്ചു. വിവരങ്ങൾ യൂണിറ്റ് പ്രസിഡന്റുമാർക്ക് ഉടനെ നൽകണം

4. കേന്ദ്ര സമിതി വാർഷികം, ഇടവകദിനം, കലാ കായിക മത്സരങ്ങൾ ഈ വർഷം വേണ്ട എന്ന് തീരുമാനിച്ചു.

5. നമ്മുടെ ഇടവകയിലെ ഈ വർഷം ജൂബിലി 25, 50 വാർഷികം ആഘോഷിക്കുന്ന ദമ്പതികളെ ആദരിക്കുന്നു.

**അഡ്വ. നെറ്റോ നെല്ലിശ്ശേരി**
കുടുംബകൂട്ടായ്മ കേന്ദ്രസമിതി
കൺവീനർ

**മേരിലാസർ**
കുടുംബകൂട്ടായ്മ കേന്ദ്രസമിതി
സെക്രട്ടറി

## പുൽകൂട് മത്സരം

കുടുംബകൂട്ടായ്മ കേന്ദ്ര സമിതിയുടെ ആഭിമുഖ്യത്തിൽ 24.12.21 തിയ്യതി 6pm ന് യൂണിറ്റ് അടിസ്ഥാനത്തിൽ പുൽകൂട് മത്സരം നടത്തുന്നു. വിശദ വിവരങ്ങൾക്ക് കേന്ദ്രസമിതി സെക്രട്ടറി മേരി ടിച്ചറിനെ സമീപിക്കേണ്ടതാണ്.

## കരോൾഗാന മത്സരം

ക്രിസ്തുമസ്സിനോടനുബന്ധിച്ച് യൂണിറ്റ് അടിസ്ഥാനത്തിൽ കരോൾഗാന മത്സരം നടത്തുന്നു. പങ്കെടുക്കുന്നവർ ഡിസംബർ 15 നുള്ളിൽ രേഖാമൂലം പള്ളി ഓഫീസുമായി ബന്ധപ്പെടേണ്ട താണ്.



# ഓർമ്മിക്കുക ആചരിക്കുക

| | | |
|---|---|---|
| 01.12.2021 | ബുധൻ | **25 നോമ്പാരംഭം** |
| 03.12.2021 | വെള്ളി | **മാസാദ്യവെള്ളി വി. ഫ്രാൻസിസ് സേവ്യർ** |
| 05.12.2021 | ഞായർ | **മംഗലവാർത്ത രണ്ടാം ഞായർ** |
| 08.12.2021 | ബുധൻ | **അമലോത്ഭവ മാതാവ്** |
| 12.12.2021 | ഞായർ | **മംഗലവാർത്ത മൂന്നാം ഞായർ** |
| 13.12.2021 | തിങ്കൾ | **വി. ലൂസി** |
| 14.12.2021 | ചൊവ്വ | **കുരിശിന്റെ വി. യോഹന്നാൻ** |
| 18.12.2021 | ശനി | **മൈലാപ്പൂരിലെ അത്ഭുത സ്ലീവാ** |
| 19.12.2021 | ഞായർ | **മംഗലവാർത്ത നാലാം ഞായർ** |
| 21.12.2021 | ചൊവ്വ | **വി. പീറ്റർ കനീഷ്യസ്** |
| 25.12.2021 | ശനി | **ക്രിസ്തുമസ്** |
| 26.12.2021 | ഞായർ | **തിരുകുടുംബം പിറവി ഒന്നാം ഞായർ** |
| 27.12.2021 | തിങ്കൾ | **വി. യോഹന്നാൻ ശ്ലീഹാ** |
| 28.12.2021 | ചൊവ്വ | **കുഞ്ഞിപൈതങ്ങൾ** |
| 31.12.2021 | വെള്ളി | **വർഷാവസാനം** |

## ക്രിസ്മസ് സ്റ്റാർ (Hand Made) മത്സരം

ക്രിസ്മസ് സ്റ്റാർ (hand made) മത്സരം യൂണിറ്റിൽ നിന്നും പരമാവധി 3സ്റ്റാർ size 2 മുതൽ 5 അടി വരെ 24.12.2021 തിയതി 5 pm മുമ്പ് പള്ളിയിൽ കൊണ്ട് വരേണ്ടതാണ്.

## Surprise xmas Gift

24.12.2021 ലെ 12 pm ന് കുടുംബ വർഷത്തിൽ വിശുദ്ധ കുർബാനക്ക് പങ്കെടുക്കുന്ന കുടുംബത്തിന് നറുക്കെടുപ്പിൽ ഫാമിലിക്ക് surprise xmas gift.

# വിൻസെന്റ് ഡി പോൾ വാർത്തകൾ

സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിൻസെന്റ് ഡിപോളിന്റേയും സംഘം സ്ഥാപകൻ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഒസ്സാനാമിന്റേയും തിരുനാൾ സംയുക്തമായി അയ്യന്തോൾ പുരുഷ വനിത കോൺഫ്രൻസ് അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും ചേർന്ന് ആദ്ധ്യാത്മിക ഉപദേഷ്ടാവും വികാരിയുമായ റവ.ഫാ. ജെയ്സൺ പുന്നശ്ശേരിയുടെ കാർമികത്വത്തിൽ 26.09.2021 ഞായറാഴ്ച്ച ആഘോഷമായ ദിവ്യബലി അർപ്പിക്കുകയും തിരുഹൃദയ പ്രതിഷ്ഠ ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. ഇടവകയിലെ ബുദ്ധിമുട്ടനുഭവിക്കുന്ന 50കുടുംബങ്ങൾക്ക് കിററുകൾ വിതരണം ചെയ്തു. അംഗങ്ങളുടെ മക്കൾക്കു നൽകി വരുന്ന +2 വിന് ഫുൾ A+ ബ്ര.കെ.പി. ദേവസ്സി സ്മാരക സ്കോളർഷിപ്പും നൽകി ആദരിക്കയും അഭിനന്ദിക്കുകയും ചെയ്തു.

പ്രസിഡന്റ്

**ജേക്കബ് തോലത്ത്**

ജോർളിൻ ജോഷി (വനിതവിഭാഗം)

# മരിയനാദം വാർത്തകൾ



സ്വർഗ്ഗാരോഗിത മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് മതബോധന വിദ്യാർത്ഥികൾക്കായി മരിയനാദം പത്രാധിപ സമിതിയുടെ ആഭിമുഖ്യത്തിൽ "സ്വർഗ്ഗാരോഗിത മാതാവും കോവിഡ് മഹാമാരിയും" എന്ന വിഷയം ആസ്പദമാക്കി ആഗസ്റ്റ് 13-ാം തിയ്യതി ചിത്രരചന മത്സരം നടത്തിയിരുന്നു. മൂന്ന് വിഭാഗങ്ങളായി നടത്തിയ മത്സരത്തിൽ ഒന്നും, രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവരുടെ പേരുകൾ താഴെ ചേർക്കുന്നു.

**1 – 4 ക്ലാസ്സ്** ഒന്നാംസമ്മാനം - ആഡിലിൻ റിജോ, ക്ലാസ്സ് 2 - സെന്റ് ആന്റണീസ് യൂണിറ്റ്

രണ്ടാംസമ്മാനം - സ്മിയ ഡേവിസ്, ക്ലാസ്സ് 2 - സെന്റ് മേരീസ് യൂണിറ്റ്

**5 മുതൽ 8 ക്ലാസ്സ് വരെ** ഒന്നാംസമ്മാനം - മേരി ജോ ക്ലാസ്സ് 8 - സെന്റ് അൽഫോസ യൂണിറ്റ്

രണ്ടാംസമ്മാനം - നൊറീൻ നെറ്റോ - ക്ലാസ്സ് 8 - സെന്റ് തോമസ് യൂണിറ്റ്

**8 ക്ലാസ്സിനു മുകളിൽ** ഒന്നാംസമ്മാനം - സെയിൻ സാബുരാജ് - ACC 2nd - സെന്റ് പോൾസ് യൂണിറ്റ്

രണ്ടാംസമ്മാനം - ഡാനിയൽ ബി.എസ് ക്ലാസ്സ് 9 - ക്രിസ്തുരാജ യൂണിറ്റ്

മത്സരത്തിൽ വിജയികൾക്ക് അഭിനങ്ങളും പങ്കെടുത്തവർക്ക് ആശംസകളും നേരുന്നു.

**പത്രാധിപസമിതി**


ഒരു വിശ്വാസി
സെന്റ് തോമസ് യൂണിറ്റ്
HOLY LAND



80
പരിശുദ്ധിയുടെ
സുവർണ്ണ
പാരമ്പര്യം.
തിരഞ്ഞെടുക്കാൻ വ്യത്യസ്ത കളക്ഷനുകൾ
ട്രെഡീഷണൽ | ആന്റിക് | ട്രെൻഡി | പാർട്ടിവെയർ | സിംപിൾ & എലഗന്റ്
TT DEVASSY
JEWELLERS
NEAR VADAKKE STAND, THRISSUR
97452 88881
www.ttdevassyjewellers.com
ttdevassyjewellers

# *Baptised*

September 25
2021





**IZRAN JOHN VADAKKAN**

S/o Nisen & Jyolsana
Vadakkan House

**St. Antony's Unit**








## Joseph | Naisna

S/o Mrs. Philomina Simon
& Mr. N.J Simon
Nadakkavukaran House
Mapco Mary, Kuriachira

D/o Mrs. Beena Johnson
& Mr. P.A Johnson
Akkara Pattiakkal House
M.R. Vasu Road, Ayyanthole

*Best Compliments From*
JOSENA & MILAN, KUTTU

Holy Trinity Unit




ഹേറോദേസുമാർ ആവണ്ട, വഴികാട്ടും നക്ഷത്രങ്ങളാകാം കൂട്ടുകാരെ നമുക്ക്.

നക്ഷത്രങ്ങൾ ഒരുക്കിയും പുൽക്കൂടും ക്രിസ്മസ് ട്രീയും നിർമ്മിച്ചും കരോൾ നടത്തിയും ആഹ്ലാദിച്ചുല്ലസിക്കുന്ന ക്രിസ്തുമസ് നാളുകൾ. യേശുവിനോടുകൂടി ജീവിക്കാനൊരുങ്ങുമ്പോഴല്ലെ നമുക്കീ സന്തോഷം. മറിച്ച് ഹേറോദേസിനേപ്പോലെ ചിന്തിച്ചാലോ ഉണ്ണീശോയുടെ ജനനം അയാൾക്ക് ശത്രുവിന്റെ ജനനമായി. തന്റെ സ്ഥാനം നഷ്ടമാകുമെന്ന ചിന്ത അയാളെ അസ്വസ്ഥമാക്കി. പൂജരാജാക്കന്മാർ കിഴക്കുകണ്ട നക്ഷത്രത്തെ പിന്തുടർന്ന് രക്ഷകനെ തേടി എത്തിയതും ഹേറോദേസിന്റെ കൊട്ടാരത്തിൽ. രാജകൊട്ടാരത്തിൽ അവർ ദൈവത്തെ തിരഞ്ഞു. നക്ഷത്രത്തിൽ നിന്നും ദൃഷ്ടി മാറ്റി. ആ ക്ഷണം താരകത്തെ കാണാതായി. അവിടം വിട്ടിറങ്ങിയ സമയം തന്നെ മേഘമറവിലൊളിച്ച വഴികാട്ടി നക്ഷത്രത്തെ അവർ ദർശിച്ചു. ദൈവത്തിൽനിന്നും എപ്പോൾ നീ വഴി മാറുന്നോ ആ ക്ഷണം അവൻ നിന്നിൽ നിന്നൊളിഞ്ഞിരിക്കും. സദ്വാർത്തപോലെ ആ ദിവ്യ താരകത്തെ നീ എപ്പോഴും അന്വേഷിക്കുക. കണ്ണുചിമ്മാതെ അവനെ നോക്കിയാൽ കാൽതെറ്റിവീഴാതെ അവൻ കാക്കും, കൂട്ടുകാരെ തീർച്ച! സുകൃതങ്ങൾ അഭ്യസിച്ച് ഈ അന്ധകാരലോകത്തിൽ നമുക്കൊരു ചെറുതിരിപോലെ വഴികാട്ടി നക്ഷത്രങ്ങളാകാം. എല്ലാവർക്കും ക്രിസ്തുമസ് മംഗളങ്ങൾ.

■

# റൊട്ടി റോസാപ്പൂവാക്കി ദൈവം

**അന്ന സന്തോഷ്**
സെന്റ് തോമസ് യൂണിറ്റ്

കേട്ടാലും കേട്ടാലും മതിവരില്ല വി.ജെർമയിൻ കൂസിന്റെ ജീവിതത്തിലെ സംഭവങ്ങൾ. രണ്ടാനമ്മയുടെ വക കഷ്ടപ്പെടുത്തലുകൾ. ഒപ്പം ജന്മനാലുള്ള രോഗങ്ങളും. എന്നാലും ഒരു പരാതിയോ മുറുമുറുപ്പോ ഇല്ലാതെ പ്രാർത്ഥനയ്ക്ക് സമയം കണ്ടെത്തിയ കുഞ്ഞു ജെർമയിൻ. തൊഴുത്തിൽ കിടക്കാനിടം കൊടുത്തപ്പോൾ ഉണ്ണീശോയുടെ പിറവിസ്ഥലത്തേക്കുറിച്ചുള്ള നിർവൃതിയിലുറങ്ങിക്കാണും. അത്ഭുതങ്ങളുടെ കലവറതന്നെയാണീ വിശുദ്ധയുടെ ചെറുജീവിതം. രണ്ടാനമ്മ കൊടുക്കുന്ന റൊട്ടിക്കഷണങ്ങൾ പാവപ്പെട്ടവർക്ക് കൊടുക്കുന്നതാ അവളുടെ സന്തോഷം. ഒരു ദിവസം കിട്ടിയ റൊട്ടിക്കഷ്ണങ്ങൾ ഏപ്രണിൽ പൊതിഞ്ഞ് ഇല്ലാത്തവർക്ക് കൊടുക്കുവാൻ ഓടുകയാണ്. പിന്നാലെ വടിയുമായി രണ്ടാനമ്മ മാഡം കുസിൻ റൊട്ടി മോഷ്ടിച്ചത് എല്ലാവരേയും ബോധ്യപ്പെടുത്താൻ – തുറക്കെടീ നിന്റെ ഏപ്രൺ എന്നുറക്കെ അലറിക്കൊണ്ട്. പാവം ജെർമയിൻ വിറച്ചുകൊണ്ട് തുറന്നുകാണിച്ചു. എല്ലാവരും അന്തംവിട്ടു നിന്നുപോയി. ഹായ് ഏപ്രണിൽ സുരഭില പരിമളം പരത്തുന്ന പനിനീർപൂക്കൾ! സ്വർഗ്ഗീയസൗരഭ്യം നിറഞ്ഞു ആ പ്രദേശം മുഴുവൻ. ആളുകൾ മുട്ടിൻമേൽ നിന്ന് ദൈവത്തെ മഹത്വപ്പെടുത്തി. മാഡം കുസിൻ തലതാഴ്ത്തി അവളെ ആടുകളെ നോക്കാനേൽപ്പിച്ച് സ്ഥലംവിട്ടു. പ്രാർത്ഥിക്കുന്നവരെ കൈവിടാത്ത ദൈവം ഒപ്പം അമ്മ മാതാവും.



# സകലവിശുദ്ധർ

**സി.ഗ്രെയ്സ് ചാക്കോ**
നിർമ്മല, അയ്യന്തോൾ



വിവിധ സാഹചര്യങ്ങളിൽ, വിവിധ പ്രദേശങ്ങളിൽ പുണ്യപദം പ്രാപിച്ചിട്ടുള്ളവരുടെ സുകൃതങ്ങൾ അനുകരിക്കുന്നതിന് നമ്മളെ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഈ തിരുനാൾ സ്ഥാപിച്ചിരിക്കുന്നത്. വിശുദ്ധരെന്നു നാമകരണം ചെയ്യപ്പെടാത്ത കോടാനുകോടി ആത്മാക്കൾ സ്വർഗ്ഗത്തിലുണ്ടല്ലോ. അവരുടെ ഗണത്തിൽ നമ്മുടെ വീട്ടുകാരും നാട്ടുകാരും മിത്രങ്ങളുമൊക്കെ അനുസ്മരിക്കപ്പെടുന്നുണ്ടെന്നുള്ളത് ഒരു സന്തോഷമാണല്ലോ. അവരുടെ ഗണത്തിൽ ചെന്നു ചേരാൻ അവരുടെ മദ്ധ്യസ്ഥപ്രാർത്ഥന നമുക്കാവശ്യമാണ്.

ഹൃദയശാന്തതയുള്ളവരും, പാപങ്ങളേപ്പറ്റി കരഞ്ഞു ജീവിച്ചവരും നീതിയെ ദാഹിച്ചിരുന്നവരും കരുണാശീലരും ഹൃദയശുദ്ധിയുള്ളവരുമാണ് വിശുദ്ധർ. കുഞ്ഞാടിന്റെ രക്തത്തിൽ കഴുകി വെളുപ്പിച്ച വസ്ത്രമണിഞ്ഞ് സ്വർഗ്ഗത്തിൽ സ്തുതിഗീതങ്ങൾ മുഴക്കുന്ന അനേകായിരങ്ങളെ നമ്മുടെ സ്മരണയിലുണർന്നുവരുന്നുണ്ടല്ലോ. അവർക്ക് ദാഹമോ വിശപ്പോ ഇല്ല. വെയിലാകട്ടെ ചൂടാകട്ടെ ഉണ്ടാകില്ല. ദൈവം അവരുടെ കണ്ണിൽ നിന്നും കണ്ണീരെല്ലാം തുടച്ചുകളഞ്ഞിരിക്കുന്നു.

ദൈവം അയയ്ക്കുന്ന പീഡകൾ സഹിച്ച് കുഞ്ഞാടിന്റെ വെണ്മ നിറഞ്ഞ ജീവിതം സ്വന്തമാക്കി സകലവിശുദ്ധരുടേയും ഗണത്തിൽ ചേരാൻ നമുക്ക് യത്നിക്കാം. എന്നാൽ ഏതാനും കാലം കഴിയുമ്പോൾ അഥവാ അടുത്ത നിമിഷം തന്നെ ഈ തിരുനാൾ നമ്മുടേതുമായിരിക്കും. ■



# വി. ഫ്രാൻസിസ് സേവ്യർ

"ഒരു മനുഷ്യൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവു നശിച്ചാൽ അവനെന്തു പ്രയോജനം?" പാരീസ് സർവ്വകലാശാലയിലെ ഒരു തത്ത്വശാസ്ത്രാധ്യാപകനായ ഇഗ്നേഷ്യസ് ലെയോള (ഫ്രാൻസിസ് സേവ്യറിനോടു ചോദിച്ച ചോദ്യമാണിത്. 1937ൽ വെനീസ്സിൽ വച്ച് സേവിയർ വൈദികപട്ടം സ്വീകരിച്ചു. അനന്തരം വെനീസ്, റോമ മുതലായ സ്ഥലങ്ങളിൽ കുറെക്കാലം പ്രേഷിതനായി ജോലിചെയ്തു. ഇന്ത്യ, മലാക്ക, ജപ്പാൻ എന്നീ മൂന്നു രാജ്യങ്ങളിൽ പത്തുവർഷം അദ്ദേഹം യേശുവിനെപ്രതി അധ്വാനിച്ചു. ദരിദ്രരുടെ ഭക്ഷണം കഴിച്ച് ദരിദ്രരോടുകൂടി ജീവിച്ചു. മലർപ്പൊടിയും കഞ്ഞിവെള്ളവുമായിരുന്നു ഭക്ഷണം.

പകൽ പ്രസംഗത്തിലും പഠനത്തിലും രാത്രി ദീർഘമായ പ്രാർത്ഥനയിലും അദ്ദേഹം കഴിച്ചുകൂട്ടി. ജീവിതത്തിൽ സങ്കടങ്ങളും കുരിശുകളും വരുമ്പോൾ 'കുറെക്കൂടി കർത്താവേ' എന്ന് അദ്ദേഹം അപേക്ഷിച്ചുകൊണ്ടിരുന്നു. പലയിടങ്ങളിലായി വിശുദ്ധൻ മൂന്നുലക്ഷം പേരെ ജ്ഞാനസ്നാനപ്പെടുത്തിയിട്ടുണ്ട് എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. അദ്ദേഹം കേരളത്തിലും ഗോവയിലും സ്വന്തം കൈകൾകൊണ്ട് അമ്പതിനായിരംപേരെ ജ്ഞാനസ്നാനപ്പെടുത്തിയിട്ടുണ്ടെന്ന് സമ്മതിക്കുന്നു. ഹോങ്ഗോവിൽനിന്ന് നൂറുനാഴിക തെക്കുപടിഞ്ഞാറ് ദ്വീപിൽവച്ച് ടൈഫോയിഡ് ബാധിച്ച് അദ്ദേഹം മരണമടഞ്ഞു. അദ്ദേഹത്തിന്റെ ശരീരം പൂർണ്ണമായി, അഴിയാതെ പഴയ ഗോവയിൽ ഉണ്ണീശോയുടെ ബസ്ലിക്കയിൽ സൂക്ഷിച്ചിരിക്കുന്നു. ■

# നാവിനെ നിയന്ത്രിക്കുക

**ജിപ്സി റാഫി**
സെന്റ് തോമസ് യൂണിറ്റ്

ദൈവത്തോട് ധാരാളമായും, സൃഷ്ടികളോട് കുറച്ചും സംസാരിക്കുക. നാവിന്റെ ദുരുപയോഗത്തെക്കുറിച്ചുള്ള വചനങ്ങൾ വി.ബൈബിളിലുടനീളം കണ്ടെത്താനാകും. നിത്യേന ഈ വചനങ്ങൾ ഉരുവിടുമ്പോൾ ദൈവരാജ്യത്തിനു സജീവ സാക്ഷികളാകാൻ പരിശുദ്ധാത്മാവ് നമ്മെ ഒരുക്കും. ഇതാ കുറേ ജ്ഞാനവചസ്സുകൾ:

1) വിലകെട്ടവ പറയാതെ സദ് വചനങ്ങൾ മാത്രം സംസാരിച്ചാൽ നീ എന്റെ നാവുപോലെയാകും (ജെറെ. 15/19).

2) മനുഷ്യൻ പറയുന്ന ഓരോ വ്യർത്ഥവാക്കിനും വിധിദിവസത്തിൽ കണക്കു കൊടുക്കേണ്ടിവരും (മത്താ. 12/36).

3) വാക്കുകൾ ഏറുമ്പോൾ തെറ്റു വർദ്ധിക്കുന്നു. വാക്കുകളെ നിയന്ത്രിക്കുന്നവന് വീണ്ടുവിചാരമുണ്ട് (സുഭാ. 10/19).

4) സ്വന്തം അധരങ്ങളെയും നാവിനെയും നിയന്ത്രിക്കുന്നവൻ ഉപദ്രവങ്ങളിൽനിന്ന് രക്ഷപ്പെടുന്നു (സുഭാ. 21/23).

5) നിന്റെ അധരങ്ങൾ മൊഴിയുമ്പോൾ എന്റെ ആത്മാവ് ആഹ്ലാദിക്കും (സുഭാ. 23/16).

6) കർത്താവേ, എന്റെ നാവിനു കടിഞ്ഞാണിടണമേ! എന്റെ അധരകവാടത്തിനു കാവലേർപ്പെടുത്തണമേ! (സങ്കീ.141/3).

7) ഉചിതമായ വാക്ക് വെള്ളിത്തകിടിൽ പതിച്ചുവച്ച സ്വർണനിർമിതമായ ആപ്പിൾപ്പഴം പോലെയാണ് (സുഭാ. 25/11).

8) കർത്താവേ എന്റെ അധരങ്ങളെ തുറക്കണമേ. എന്റെ നാവ് അങ്ങയുടെ സ്തുതികൾ ആലപിക്കും (സങ്കീ. 51/15).

9) ആരും കുറ്റം പറയാത്തവിധം നിർദോഷമായ സംസാരരീതിയും പ്രകടമാക്കുക (തീത്തോസ് 2/7).

10) തിന്മയിൽനിന്ന് നാവിനെയും, വ്യാജഭാഷണത്തിൽനിന്ന് അധരങ്ങളെയും സൂക്ഷിച്ചുകൊള്ളുവിൻ (സങ്കീ. 34/13).

നമുക്ക് ഈ നാവ് കൊണ്ട് കർത്താവിനെയും പിതാവിനെയും സ്തുതിച്ചോരുങ്ങാം. ന്യായാധിപൻ ഇതാ വാതിൽക്കൽ നിൽക്കുന്നു.

# ക്രിസ്തുമസ് ചിന്തകൾ

നിനക്കൊരു ലോകം എനിക്കൊരു ലോകം നമുക്കില്ലൊരു ലോകം

പ്രമുഖനായ ഒരാൾ തന്നെ കാണാൻ കുറേനേരം നിൽക്കേണ്ടിവന്നപ്പോൾ കുപിതനായി സോക്രട്ടീനോട് പറഞ്ഞു: ഞാനാരാണെന്ന് നിങ്ങൾക്ക് അറിയുമോ? സോക്രട്ടീസ് ശാന്തമായി ഒരു ഭൂപടം എടുത്ത് അയാളെ കാണിച്ച് ചോദിച്ചു. ഗ്രീസ് ഇതിലെവിടെ? അയാൾ തൊട്ടുകാണിച്ചു. ഏഥൻസോ? അയാൾ അത് കാണിച്ചപ്പോൾ ഉടനെ അടുത്ത ചോദ്യം. നിങ്ങളുടെ തെരുവ് ഇതിലെവിടെയാ? നിങ്ങളുടെ വീട് ഈ തെരുവിലെവിടെ? ആ വീട്ടിൽ നിങ്ങളുറങ്ങുന്ന മുറിയെവിടെ? ഈ ചോദ്യങ്ങൾകേട്ട് അയാൾക്ക് തന്റെ നിസ്സാരത ബോധ്യമായി. ഭൂപടത്തിൽ ഒരു പൊട്ടുപോലും അല്ലാത്ത അവസ്ഥ. അതാണു നാം.

അറിയപ്പെടാതെ നന്മചെയ്തു പോകുന്നവരെ ലോകം തിരിച്ചറിയും. നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക. അപ്പോൾ കർത്താവിന്റെ കൃപയ്ക്ക് നീ പാത്രമാകും. - പ്രഭാ. 3:18. എന്റേത് നിന്റേത് എന്ന തരംതിരിവ് ഇവിടുണ്ടാവില്ല. എല്ലായിടത്തും വേലികെട്ടി തിരിച്ച് നാം അതിനിട്ട പേരോ - സ്നേഹമതിൽ! അപ്പോഴാണല്ലോ കുഞ്ഞുണ്ണിമാഷുടെ വരികൾ ചിന്തയിൽ വരുക - നിനക്കൊരു ലോകം, എനിക്കൊരു ലോകം, നമുക്കില്ലൊരു ലോകം. മറിച്ച് നിനക്കും എനിക്കും നമുക്കും ഒരു ലോകം മതി എന്ന യേശുചിന്തയിലേക്ക് വളരാൻ ഈ ക്രിസ്തുമസ് നാളുകൾ നമ്മെ സഹായിക്കട്ടെ.

■

# അപ്പനൈൻ സാഹസം

**ഷീജാ ജാക്ക്**
സെന്റ് ആന്റണീസ് യൂണിറ്റ്

വി.കാഥറൈൻ ഇപ്രകാരം പറയുന്നു: എനിക്ക് വിശുദ്ധരിൽ നിന്നും ധാരാളം അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്; എന്നാൽ അതിലേറെ അനുഗ്രഹങ്ങൾ ശുദ്ധീകരിക്കപ്പെട്ട ആത്മാക്കളിൽനിന്നും ലഭിച്ചിട്ടുണ്ട്.

ഒരിക്കൽ വൈദികരുടെ ഒരു ചെറുഗണത്തെ അത്യാവശ്യമായ ഒരു കാര്യത്തിനായി റോമിലേക്ക് വിളിക്കുകയുണ്ടായി. വളരെ വിലപ്പെട്ട രേഖകളും പരി.പിതാവിനു നൽകാനുള്ള വലിയ ഒരു സംഭാവനത്തുകയുമായാണ് അവർ യാത്രതിരിച്ചത്. പിടിച്ചുപറി സംഘത്തിന്റെ കേന്ദ്രമായ അപ്പനൈൻ പർവ്വതം തരണം ചെയ്തു വേണം അവർക്ക് പോകാൻ. ട്രെയിൻസർവ്വീസോ ടണലുകളോ ഇല്ലാത്ത ആ കാലത്ത് വിശ്വസ്തനായ ഒരു ഡ്രൈവറെ കൂട്ടി കുതിരവണ്ടിയിൽ അവർ യാത്രതിരിച്ചു. തങ്ങളെ പൂർണ്ണമായും ആത്മാക്കളുടെ സംരക്ഷണത്തിൽ ഏല്പിച്ച് മരിച്ച വിശ്വാസികൾക്കുള്ള പ്രാർത്ഥന ചൊല്ലിക്കൊണ്ട് മുമ്പോട്ടുപോയി. പർവ്വതത്തിനു മുകളിലെത്തിയതും ഡ്രൈവർ അപകടസൂചന നൽകി യാത്രയ്ക്ക് സ്പീഡ് കൂട്ടി. നീട്ടിയ തോക്കുകളുമായി റോഡിന്റെ ഇരുവശത്തും കൊള്ളക്കാർ!! പക്ഷേ അവർ നിറയൊഴിക്കുന്നില്ല! വൈദികർ ആശ്ചര്യപ്പെട്ടു. ഒരു മണിക്കൂർ നേരത്തെ പരാക്രമം പിടിച്ച പാച്ചിലിനുശേഷം ഡ്രൈവർ വണ്ടിനിറുത്തി പറഞ്ഞു. "നമ്മൾ എങ്ങനെയാണ് രക്ഷപ്പെട്ടത്; ഈ കൊള്ളക്കാർ ആരെയും വെറുതെ വിടാറില്ല." ആത്മാക്കളാണ് തങ്ങളെ രക്ഷിച്ചതെന്ന് വൈദികർക്ക് ബോധ്യമായിരുന്നു.

ദൗത്യം അവസാനിച്ച് മടങ്ങിയപ്പോൾ ഒരു വൈദികൻ റോമിലെ ജയിൽ ചാപ്ലിനായി നിയമിതനായി ഇറ്റലിയിലെ ഒരു കൊള്ളക്കാരനെ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് ആ ജയിലിലടച്ചു. ചാപ്ലിനച്ചൻ ആ ജയിൽവാസികളുടെ വിശ്വാസം വർധിപ്പിക്കാൻ തന്റെ പല സാഹസികതകളും അവരുമായി പങ്കുവച്ചു. ഒടുവിൽ അപ്പനൈൻ സംഭവവും. നിങ്ങളെ കൊല്ലാനും കൊള്ളയടിക്കാനും നിന്നവരുടെ തലവൻ താനായിരുന്നുവെന്ന് ആ ഇറ്റലിക്കാരൻ വ്യക്തമാക്കി. എന്നാൽ അദൃശ്യമായ ഒരു ശക്തി ഞങ്ങളെ തടഞ്ഞു.

തങ്ങളുടെ സംരക്ഷണം ആത്മാക്കളെ ഏല്പിച്ചു പ്രാർത്ഥിച്ചുകൊണ്ടാണ് യാത്ര ചെയ്തതെന്ന് അച്ചൻ വ്യക്തമാക്കി. അത് അപ്പാടെ വിശ്വസിച്ച അയാളുടെ മാനസാന്തരം പെട്ടെന്നായിരുന്നു. അനുതപിച്ച് നല്ല മരണം കൈവരിക്കാൻ അത് ഇടയാക്കി.



# ജപമാലറാണിയാം മാതാവേ

പ്രാർത്ഥിക്കും ഞങ്ങൾ ജപമാലയിൽ
എല്ലാ നേരത്തും ഏതവസ്ഥയിലും
ജപമാലയിൽ ഞങ്ങൾ ആശ്രയിക്കും.
അമ്മയോടൊപ്പം - യേശുവോടൊപ്പം
യാത്രചെയ്യും - ജപമാലയിൽ
നിൻമകനായി - നിൻ മകളായി
ചേർന്നിരിക്കും സമയമല്ലോ
അത് ജപമാല സമയമല്ലോ.
അമ്മേ മാതാവേ നിൻ കൃപയാലെ
അന്ത്യംവരെയും കാത്തീടണമേ
നിൻ സുതനൊപ്പം യാത്ര ചെയ്തീടാൻ
മാദ്ധ്യസ്ഥം നീ എപ്പോഴും പ്രാർത്ഥിച്ചീടണെ
എന്നും എപ്പോഴും പ്രാർത്ഥിച്ചീടേണം.

# Sangeerthanam Tower

Events Hall





PEARL, GROUND FLOOR NON A/C HALL



RUBY, 1st FLOOR A/C HALL



COREL, 2nd FLOOR NON A/C HALL

വിവാഹം, വിവാഹ നിശ്ചയം, വാർഷികം, ജന്മദിനം
മാമോദീസ, സെമിനാറുകൾ, കമ്പനി മീറ്റിങ്ങുകൾ എന്നീ
പരിപാടികൾക്ക് ഹാൾ വാടകയ്ക്ക് നൽകുന്നു.


**Sangeerthanam Tower**

Near St. Mary's Assumption Church
Ayyanthole, Thrissur - 680 003
Tel : 9447002763, 9847441111


പാവനസ്മരണയ്ക്ക്
റവ.ഫാ. ജോസ് പ്രതാപ്
O.Praem
ജനനം : 25.12.1939
മരണം : 16.09.2019

# പാവനസ്മരണയ്ക്ക്



## ചിറയത്ത് തറയിൽ
## ജേക്കബ്

ജനനം : 16.04.1937
മരണം : 14.11.2011



8-ാം ചരമവാർഷികം

9-ാം ചരമവാർഷികം





കരേരക്കാട്ടിൽ
പൈലോത് മകൻ

**പൊറിഞ്ചു**

കരേരക്കാട്ടിൽ
പൊറിഞ്ചു മകൻ

**ആന്റോ**

St. Antony's Unit

# ‘മറവി, നമ്മുടെ അശ്രദ്ധ കാരണമല്ല’

**ജോസഫ് മുളവരിക്കൽ**
ഹോളി ഫാമിലി യൂണിറ്റ്

കേൾക്കുമ്പോൾ വിശ്വസിക്കാൻ തോന്നുന്നില്ല അല്ലെ?

JRD Tata യെ അറിയാത്തവർ കാണില്ല. അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് പറഞ്ഞു: ‘എനിക്ക് വലിയ മറവിയാണ്. ഞാൻ എഴുതുന്ന പേന പലപ്രാവശ്യമായി നഷ്ടപ്പെടുന്നു. കിട്ടാവുന്നതിൽ ഏറ്റവും വിലകുറഞ്ഞ പേനയാണ് ഞാൻ ഇപ്പോൾ ഉപയോഗിക്കാറ്. അതിനാൽ എനിക്ക് ഇപ്പോൾ നഷ്ടപ്പെടുന്നതിന്റെ ഒരു സങ്കടവും ഇല്ല. അശ്രദ്ധ ഒരു പ്രശ്നവുമല്ല.’

JRD ഇങ്ങനെ അദ്ദേഹത്തെ ഉപദേശിച്ചു. ‘നിങ്ങൾ അടുത്ത തവണ, മാർക്കറ്റിൽ കിട്ടാവുന്നതിൽവച്ചു നല്ല വിലയുള്ള - നിങ്ങൾക്കു താങ്ങാവുന്ന വിലയുള്ള ഒരു പേനവാങ്ങി ഉപയോഗിച്ചു തുടങ്ങുക’ നല്ല കൂട്ടുകാരൻ പറഞ്ഞതനുസരിച്ച് അയാൾ വിലയുള്ള നല്ല ഒരു പേനവാങ്ങി ഉപയോഗിക്കാൻ തുടങ്ങി. ഒരു 22 കാരറ്റ് ഗോൾഡ് ക്രോസ് പേന.

ഏതാണ്ട് ആറുമാസങ്ങൾക്കുശേഷം നമ്മുടെ ഈ സുഹൃത്തിനു JRDയുമായി കണ്ടുമുട്ടുന്നതിനിടയായി. JRD ചോദിച്ചു ‘ഇപ്പോൾ നിങ്ങൾക്ക് പേന നഷ്ടപ്പെടാറുണ്ടോ?‘ സ്നേഹിതൻ സന്തോഷത്തോടെ പറഞ്ഞു: ‘ഇല്ല, അന്നു ഞാൻ വാങ്ങിയ ആ ക്രോസ് പേന തന്നെയാണ് ഞാൻ ഇപ്പോഴും ഉപയോഗിക്കുന്നത്‘ എന്നു പറഞ്ഞു പേന JRDയെ കാണിച്ചു കൊടുത്തു. അദ്ദേഹം സുഹൃത്തിനെ ഇങ്ങനെ ഉപദേശിച്ചു.‘ ക്രോസ് പേനയുടെ വിലയാണ് നിങ്ങളിൽ ഈ മാറ്റം വരുത്തിയത്. അല്ലാതെ നിങ്ങളിൽ ഇതുകൊണ്ടു ഒരുമാറ്റവും വന്നിട്ടില്ല.’

അതേ, ഇതാണ് നമ്മുടെ ജീവിതത്തിലും സംഭവിക്കുന്നത്. നാം വിലയുള്ള വസ്തുക്കളിൽ ശ്രദ്ധവയ്ക്കുന്നു കൂടുതലായി, അങ്ങിനെ നമ്മിൽ മാറ്റം വരുന്നു. ശ്രദ്ധിക്കുക.

1. നമ്മുടെ ആരോഗ്യമാണ് നാം വിലകൽപ്പിക്കുന്നതെങ്കിൽ എന്തു ഭക്ഷിക്കണമെന്നും എത്ര ഭക്ഷിക്കണമെന്നും സ്വയം

തീരുമാനിക്കും.

2. നമ്മുടെ ഉറ്റ സുഹൃത്തുക്കൾക്കാണ് നാം വിലകൽപ്പിക്കുന്ന തെങ്കിൽ നാം അവരോട് നന്നായി പെരുമാറുകയും അവരെ വിശ്വസിക്കുകയും ചെയ്യും.
3. നാം പൈസക്കാണ് വിലകൊടുക്കുന്നതെങ്കിൽ നാം വളരെ ശ്രദ്ധാപൂർവ്വം അതുചിലവാക്കുകയും വേണ്ടവിധം സമ്പാദി ക്കുകയും ചെയ്യും.
4. സമയത്തിന് നാം നല്ല വിലകൊടുത്തുനോക്കുക. ഒരിക്കലും അതു വൃഥാ നഷ്ടപ്പെടാൻ നാം അനുവദിക്കുകയില്ല.

## കത്തോലിക്ക കോൺഗ്രസ്സ് ഭാരവാഹികൾ

അയ്യന്തോൾ ഇടവക കത്തോലിക്ക കോൺഗ്രസ് വാർഷിക ജനറൽ ബോഡി 28.11.21 ഞായറാഴ്ച പാരിഷ് ഹാളിൽ ചേർന്നു. പ്രസിഡന്റ്കെ ആർ വിൽസൺ അധ്യക്ഷത വഹിച്ചു. ഫോറോനാ വൈസ് പ്രസിഡന്റ് ജെയിംസ് മുട്ടിക്കൽ സ്വാഗതം പറഞ്ഞു. സെക്രട്ടറി ജോസഫ് കോടങ്കണ്ടത് റിപ്പോർട്ടും, ട്രഷറർ ഡേവിസ് അറക്കപ്പാടൻ കണക്കും അവതരിപ്പിച്ചു.

2021 -2024 ലേക്കുള്ള പുതിയ ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.



പ്രസിഡന്റ്
**ശ്രീ. ജെയിംസ് മുട്ടിക്കൽ**



സെക്രട്ടറി
**ശ്രീ. ടോണി തരകൻ**

ട്രഷറർ : ശ്രീ. സജീഷ് ജോർജജ്

അതിരൂപത കൗൺസിലർ : ശ്രീമതി. മേഫി ഡെൽസൻ

വൈ . പ്രസിഡൻറ്മാർ : ശ്രീ. സാബു തരകൻ, ശ്രീമതി. ജിജി ജോൺസൺ

ജോ . സെക്രട്ടറിമാർ : ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കൽ, ശ്രീമതി. ബബിത ജോഷി

മാഫി ഡെൽസൺ യോഗത്തിന് നന്ദി പറഞ്ഞു.

## സെന്റ് പീറ്റർ കുടുംബകൂട്ടായ്മ
## 25 – ാം വാർഷികാഘോഷം (സിൽവർ ജൂബിലി)
## 25.07.2021

സെന്റ് പീറ്റർ കുടുംബകൂട്ടായ്മയുടെ 25–ാം വാർഷികവും സിൽവർ ജൂബിലിയും ഒത്തൊരുമിച്ചുള്ള ആഘോഷത്തിന് 25.07.2021 ഞായറാഴ്ച രാവിലെ 6.30 ന് ഫാദർ ജെയ്സൻ പുന്നശ്ശേരിയുടെ നേതൃത്വത്തിലുള്ള വിശുദ്ധ ബലിയർപ്പണത്തോടുകൂടി പ്രാരംഭം കുറിച്ചു. കുർബാനയിൽ ഗാനശുശ്രൂഷയ്ക്കും നിയമാവർത്തന ലേഖനവായനകൾക്കും യൂണിറ്റംഗങ്ങൾ നേതൃത്വം നൽകി.

കോവിഡ് പകർച്ചവ്യാധി മൂലം നിലവിൽ ഒത്തുചേരാൻ സാധ്യമല്ലാത്തതിനാൽ, ആധുനിക രീതിയിൽ നമുക്ക് ഇപ്പോൾ സാധ്യമായ ഗൂഗിൾമീറ്റ് വഴിയാണ് പ്രസ്തുത വാർഷികാഘോഷം കൊണ്ടാടിയത്. വൈകീട്ട് 4.30 മണിക്ക് ഏവരും ലിങ്ക് വഴി ഗൂഗിൾ മീറ്റിൽ കയറി വാർഷികാഘോഷചടങ്ങിന് സാക്ഷികളായി. യൂണിറ്റംഗം കുമാരി മിഥു ആന്റണിയുടെ പ്രാർത്ഥനഗാനത്തോടുകൂടി ആരംഭിച്ച പൊതുയോഗത്തിന് എത്തിച്ചേർന്ന വിശിഷ്ടാതിഥികൾക്കും യുണിറ്റംഗങ്ങൾക്കും യൂണിറ്റ് പ്രസിഡന്റ് ശ്രീ. ബൈജു തരുക്കര സ്വാഗതം ആശംസിച്ചു. തുടർന്ന് യൂണിറ്റ് സെക്രട്ടറി ശ്രീ. സ്റ്റീഫൻ മാപ്രാണത്ത് മുൻ വാർഷിക റിപ്പോർട്ടും, യൂണിറ്റ് ട്രഷറർ ശ്രീ. ജിജോ മാപ്രാണത്ത് വാർഷിക കണക്കും അവതരിപ്പിക്കുകയും യോഗം അത് അംഗീകരിക്കുകയും ചെയ്തു. കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ശ്രീ. നെറ്റോ നെല്ലിശ്ശേരി അദ്ധ്യക്ഷത വഹിച്ച യോഗത്തിന് ഇടവക വികാരി ബഹു. ഫാ.ജെയ്സൻ പുന്നശ്ശേരി ഉദ്ഘാടനകർമ്മം നിർവഹിച്ചു. വികാരിയച്ചൻ തന്റെ ഉദ്ഘാടനപ്രസംഗത്തിൽ വിശുദ്ധ പത്രോസ് ശ്ലീഹാ കടന്നുവന്ന വഴികളിലൂടെ നാം ഓരോരുത്തരും നടക്കാൻ ശ്രമിക്കണമെന്നും നമ്മുടെ മക്കളെ അതിനുവേണ്ടി പരിശീലിപ്പിക്കണമെന്നും വിദ്യാസമ്പന്നരാണെങ്കിലും നാം നമ്മുടെ പ്രായംചെന്ന മാതാ

പിതാക്കളെ ബഹുമാനിക്കണമെന്നും ആദരിക്കണമെന്നും അവരെ ഭവനങ്ങളിലെ കാഴ്ചവസ്തുക്കളാക്കാതെയും പുറംതള്ളാതെയും നമ്മുടെ കൂടെ കൊണ്ടുനടക്കണമെന്നും പ്രത്യേകം തന്റെ സന്ദേശത്തിലൂടെ ഓർമ്മിപ്പിച്ചു. അദ്ധ്യക്ഷൻ അഡ്വ. ശ്രീ. നെറ്റോ നെല്ലിശ്ശേരി യൂണിറ്റിന്റെ പ്രവർത്തനമികവിനെക്കുറിച്ചും അംഗങ്ങളുടെ ഒരുമയ്ക്കും മറ്റും പ്രത്യേകം എടുത്തുപറയുകയുണ്ടായി. യൂണിറ്റ് ആനിമേറ്റർ ബഹു. മദർ സുപ്പീരിയർ സിസ്റ്റർ കാതറിൻ തന്റെ ആശംസാപ്രസംഗത്തിൽ നമുക്കിടയിൽ ആഘോഷങ്ങൾ കൂടിയെങ്കിലും ആത്മബന്ധങ്ങൾ കുറഞ്ഞുപോയിയെന്നും ഒപ്പംതന്നെ കുടുംബങ്ങളിൽ ഉണ്ടായിരിക്കേണ്ട ദൃഢത കൈമോശം വന്നുപോയിരിക്കുന്നു എന്ന് പ്രത്യേകം എടുത്തുപറഞ്ഞു. മുൻ പ്രസിഡന്റ് ശ്രീ. ജോസഫ് കാഞ്ഞിരത്തിങ്കലിന് യൂണിറ്റ് ഭാരവാഹികൾ വീട്ടിൽചെന്ന് വാർഷികാഘോഷത്തിന് ക്ഷണിക്കുകയും യൂണിറ്റിന്റെ വക ഒരു മെമന്റോയും നൽകുകയുണ്ടായി. പ്രസ്തുത യോഗത്തിന് സെന്റ് ജോൺ യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോർജ് കൈതാരൻ, ശ്രീ. ജോസഫ് കാഞ്ഞിരത്തിങ്കൽ, സെന്റ് ജോൺ യൂണിറ്റ് പ്രസിഡന്റ്, ശ്രീ. ജോഷി ചിറ്റിലപ്പിള്ളി തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. വാർഷികചടങ്ങിനിടയിൽ അവതരിപ്പിച്ച കലാപരിപാടികളും മറ്റും വാർഷികാഘോഷത്തിന് മാറ്റുകൂട്ടി. ഗൂഗിൾ മീറ്റ് വഴിയുള്ള കലാപരിപാടികളും മറ്റും കോ-ഓർഡിനേറ്റ് ചെയ്ത കുമാരി മിഥു ആന്റണിക്ക് യൂണിറ്റിന്റെ പേരിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തി. വാർഷികാഘോഷചടങ്ങിന്റെ അവതരണചുമതല ശ്രീമതി. ലോലിത ആന്റണി വളരെ നന്നായി നിർവഹിച്ചു. യൂണിറ്റ് ജോയിന്റ് സെക്രട്ടറി ശ്രീമതി. ഷീന ജോഷി വാർഷികാഘോഷത്തിൽ പങ്കെടുത് വിശിഷ്ടാതിഥികൾക്കും അംഗങ്ങൾക്കും അർപ്പിച്ച നന്ദി പ്രകാശനത്തോടെ പ്രസ്തുത വാർഷികാഘോഷകൃത്യം 6.30 ന് സമാപിച്ചു. സ്നേഹവിരുന്ന് തയ്യാറാക്കി കഴിക്കുവാൻ സാധ്യമല്ലാത്തതിനാൽ എല്ലാ കുടുംബങ്ങളിലേക്കും ബിരിയാണികിറ്റ് വിതരണം ചെയ്തിരുന്നു.

**സ്റ്റീഫൻ മാപ്രാണത്ത്**
സെക്രട്ടറി

പാവനസ്മരണയ്ക്ക്

# 34-ാം ചരമവാർഷികം



## Rev. Fr Sebastian Thekkanath

Bro Thomas C.K
Thekkanath Cherpukaran (J)

Date of birth 25.07.1940
Ordination 21.12.1975
Date of death 10.11.1987

St. Paul's Unit

## ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയവർ 23.11.2021 വരെ ലഭിച്ചത്.

| | | |
|---|---|---|
| റവ. ഫാ. ജെയ്സൻ പുന്നശ്ശേരി | 10,000 | വികാരി |
| നിർമ്മല കോൺവെന്റ്, അയ്യന്തോൾ | 10.000 | അയ്യന്തോൾ |
| ജോസ്ഫീന മുട്ടിക്കൽ, വെളുത്തൂർ | 25,000 | വെളുത്തൂർ |
| ജിനി സാബു കാഞ്ഞിരത്തിങ്കൽ | 1000 | മണലൂർ |
| മേരി | 5000 | |
| എ.കെ.സി.സി. സംഘടന | 5000 | അയ്യന്തോൾ |
| ഉപകാരി | 400 | |
| ഉപകാരി | 25,000 | |
| ഉപകാരി | 12,000 | |
| ഉപകാരി | 10,000 | |
| ഉപകാരി | 10,000 | |
| ഉപകാരി | 2,000 | |
| ഉപകാരി | 1,500 | |
| ലാസർ ആലപ്പാട്ട് | 2,000 | സെന്റ് ജോസഫ് യൂണിറ്റ് |
| അഡ്വ. ജോഷി പാച്ചൻ | 2,000 | ” |
| ജോൺസൺ പുത്തൂക്കര | 10,000 | ” |
| ബെന്നി കെ.പി. കരേരക്കാട്ടിൽ | 1000 | ” |
| പോൾ കെ.പി. കരേരക്കാട്ടിൽ | 500 | ” |
| ജോൺസൺ കെ.പി. കരേരക്കാട്ടിൽ | 500 | ” |
| ആന്റോ ചാഴൂർ | 10,000 | ” |
| വിത്സൻ കെ.ആർ, കൈപറമ്പിൽ | 3,000 | ” |
| റോയ് ഒലക്കേങ്കിൽ | 1,000 | ” |
| ഐജോ ജോസ് കരേരക്കാട്ടിൽ | 1,000 | ” |
| വർഗീസ് കെ.ടി., കുത്തൂര് വെള്ളാട്ടുകര | 3,000 | ” |
| സെബാസ്റ്റ്യൻ എലുവത്തിങ്കൽ | 1,000 | ” |
| ജോൺസൺ പാറയ്ക്കൽ | 1,000 | ” |
| ഡെന്നി പഴൂക്കാരൻ | 500 | ” |
| ജോർജ്ജ് കെ.ഒ. കരേരക്കാട്ടിൽ | 1,000 | ” |
| ലോറൻസ് ചുങ്കത്ത് | 15,000 | ” |
| എയ്ഞ്ചല ബെൻ മുരിങ്ങാത്തേരി | 1,000 | സെന്റ് ആന്റണീസ് യൂണിറ്റ് |
| അനീറ്റ ആൽബർട്ട് പെല്ലിശ്ശേരി | 1,000 | ” |

| | | |
|---|---|---|
| ജെയ്ക്ക് ചുങ്കത്ത് | 10,000 | ” |
| നെപ്പോളിയൻ അറങ്ങാശ്ശേരി | 2,000 | ” |
| ജോർജ്ജ് കെ.എൽ. കൈപറമ്പിൽ | 5,000 | ” |
| ഡേവിസ് പടിയാട്ടിൽ | 3,000 | ” |
| മേരി ലോനപ്പൻ പെല്ലിശ്ശേരി | 1,000 | ” |
| ആന്റണി വി.ഒ. വടക്കൻ | 3,000 | ” |
| മേഴ്സി ജോസ് തേയ്ക്കാനത്ത് | 3,000 | ” |
| ആന്റോ ഇഞ്ചോടിക്കാരൻ | 5,000 | ” |
| നിക്കോളാസ് വടക്കൻ | 2,500 | ” |
| ജേക്കബ് തോലത്ത് | 5,000 | ലിറ്റിൽ ഫ്ളവർ യൂണിറ്റ് |
| ബൈജു പുളിക്കൻ | 1,000 | ” |
| എമ്മാനുവേൽ ജോസ് കാഞ്ഞിരപറമ്പിൽ | 10,000 | ” |
| ടോണി തരകൻ | 900 | ” |
| ജോസ് പി.കെ. പാലത്തിങ്കൽ | 5,000 | ” |
| പോൾ കെ.പി. കരേരക്കാട്ടിൽ | 1,500 | ” |
| എയ്ഡൻ റോസ് ജോഷി കരേരക്കാട്ടിൽ | 2,000 | ” |
| ജോസഫ് കോടങ്കണ്ടത്ത് | 1,000 | ” |
| ജോസഫ് കാഞ്ഞിരത്തിങ്കൽ | 2,000 | ” |
| ലാസർ ഊളക്കാടൻ | 1,000 | ” |
| തോമസ് കരേരക്കാട്ടിൽ | 2,000 | ” |
| ഷിജി ഇനാശു വെള്ളേപറമ്പിൽ | 3,000 | ” |
| രാജൻ (ആന്റോ) മാമ്പറമ്പിൽ | 1,000 | ” |
| ഔസേഫ് കെ.പി. കൊളങ്ങര | 9,000 | ” |
| ഡേവിസ് നായങ്കര | 3,000 | സെന്റ് മേരീസ് യൂണിറ്റ് |
| പ്രേമ ഫ്രാൻസിസ് പുളിക്കൻ | 10,000 | ” |
| ലിസി ഡേവിസ്, തേയ്ക്കാനത്ത് | 1,000 | ” |
| ലോറൻസ് ചിറമ്മൽ | 1,000 | ” |
| ജെയിംസ് മുട്ടിക്കൽ | 5,000 | ” |
| സെബാസ്റ്റ്യൻ ഒഴുകയിൽ | 3,000 | ” |
| കുരിയൻ കെ.എഫ്. കുറ്റിക്കാട്ട് | 2,500 | ” |
| അനൂപ് കുരിയൻ കുറ്റിക്കാട്ട് | 5,000 | ” |
| ആഷിഷ് കുരിയൻ കുറ്റിക്കാട്ട് | 2,500 | ” |
| ഷാജു പോൾ, അരിമ്പൂര് ചെവ്വൂക്കാരൻ | 1,000 | ” |

| | | |
|---|---|---|
| ബിജു അക്കരപട്ട്യേക്കൽ | 5,000 | ” |
| ഡയസ് എടക്കളത്തൂർ | 10,000 | ” |
| ജോസ് ആലപ്പാട്ട് മാടാനി | 10,000 | ” |
| ബാബു വർഗ്ഗീസ്, കരേരക്കാട്ടിൽ | 1,50,000 | ” |
| ജോഷി തട്ടിൽ | 1950 | ” |
| ജോർജ്ജ് കുരിയൻ അല്ലക്കുഴ | 5,000 | സെന്റ് അൽഫോൻസ യൂണിറ്റ് |
| ജോൺ കോനാർ | 500 | ” |
| ജോയ് കരേരക്കാട്ടിൽ | 500 | ” |
| വർക്കി ജോസഫ് ചിറയിൽ | 5,000 | ഹോളി ഫാമിലി യൂണിറ്റ് |
| ആന്റോ കോടങ്കണ്ടത്ത് | 1,000 | ” |
| ജോസ് മേലേത്ത് | 1,000 | ” |
| അഡ്വ. രാജീവ് ടി.ആർ. | 2,000 | ” |
| സാവിയോൺ ഷാന്റി കണ്ണമ്പുഴ | 100 | ” |
| ഷാന്റി ജോസഫ് കണ്ണമ്പുഴ | 2,000 | ” |
| ആന്റോ പൂത്തോക്കാരൻ | 5,000 | ഹോളി ട്രിനിറ്റി യൂണിറ്റ് |
| കാർഡിൻ സിറിയക് | 5,000 | ” |
| പോൾ എ.വി., അക്കരപട്ട്യേക്കൽ | 3,000 | ” |
| വിൻസന്റ് പെല്ലിശ്ശേരി | 5000 | ” |
| സാജു ആലപ്പാട്ട് | 8,000 | ക്രിസ്തുരാജ യൂണിറ്റ് |
| ഫ്രാൻസിസ് എ.പി. ആളൂക്കാരൻ | 1,500 | ” |
| ഡോ. ജോയ് കെ. എൽ., കരേരക്കാട്ടിൽ | 20,000 | ” |
| ക്രിസ് ആന്റണി ജോമി | 6,300 | ” |
| സജീഷ് ജോർജ്ജ് പനയ്ക്കൽ | 1,000 | ” |
| സജീഷ് പനയ്ക്കൽ | 1,000 | ” |
| ലിയോ ജോസഫ് താണിക്കൽ | 1,500 | ” |
| ഗ്രേയ്സി ജോണി വടക്കേത്തല | 5,000 | സെന്റ് തോമസ് യൂണിറ്റ് |
| ജോസ് തോപ്പിൽ | 2,000 | ” |
| അന്ന സന്തോഷ്, എലുവത്തിങ്കൽ | | |
| എടത്തിരുത്തിക്കാരൻ | 500 | ” |
| മേഴ്സി ജെസിന്റോ | 500 | ” |
| റാഫി കോട്ടപ്പടിക്കാരൻ | 500 | ” |



11-ാം ചരമവാർഷികം
23.11.2021
കരുതുകുളങ്ങര കൂള ഇട്ട്യേച്ചൻ മകൻ
ജെയിംസ്
ജനനം
11.07.1968
മരണം
23.11.2010
സ്നേഹസ്മരണകളോടെ
കുടുംബാംഗങ്ങൾ

# 41-ാം ചരമദിനം

11.12.2021





# കെ.ജെ ദേവസ്സി

## കുന്നൻ ഹൗസ്

ജനനം: 27-11-1958
മരണം: 01-11-2021

**പ്രാർത്ഥനാപൂർവ്വം**

ഭാര്യ: ജാനറ്റ് ദേവസ്സി
മക്കൾ: ചിപ്പി ദേവസ്സി
ചാൾസ് ദേവസ്സി

അപ്പച്ചൻ തെളിച്ച മാർഗ്ഗദീപം ഞങ്ങൾക്കും വരും തലമുറകൾക്കും തുണയായിരിക്കും... അപ്പച്ചൻ ഞങ്ങളുടെ ഓർമകളിൽ ഇന്നും ജീവിക്കുന്നു.

ഹോളി ട്രിനിറ്റി യൂണിറ്റ്



## 5-ാം ചരമവാർഷികം
17.12.2021



ലെക്കേക്കിൽ
ഫ്രാൻസീസ്സ് ഭാര്യ

# റോസിലി

| ജനനം | മരണം |
|---|---|
| 08.06.1931 | 17.12.2016 |



## 21-ാം ചരമവാർഷികം



ലെക്കേക്കിൽ
ചാക്കോ മകൻ

# ഫ്രാൻസീസ്സ്

ജനനം : 16.04.1927
മരണം : 31.01.2001



സ്നേഹസ്മരണയ്ക്ക്
25-ാം ചരമവാർഷികം
14.12.2021
കരേക്കാട്ടിൽ വറീത് മകൻ
ഔസേഫ്
ജനനം : 21.02.1912 മരണം : 14.12.1996
22-ാം ചരമവാർഷികം
31.07.2021
കരേക്കാട്ടിൽ ഔസേഫ് ഭാര്യ
റോസ
ജനനം : 25.04.1919 മരണം : 31.07.1999

| | | |
|---|---|---|
| അഡ്വ. നെറ്റോ നെല്ലിശ്ശേരി | 1,000 | ” |
| തേറാട്ടിൽ വറീത് കുരിയൻ | 2,000 | ” |
| ആൻ ട്രീസ പ്രിൻസൺ, ചേറ്റുപുഴക്കാരൻ | 21,000 | സെന്റ് സേവിയേഴ്സ് യൂണിറ്റ് |
| ജോയ് ടി.ഒ., തേയ്ക്കാനത്ത് പണ്ടാരവളപ്പിൽ | 1,000 | ” |
| മേരി വെള്ളേപറമ്പിൽ | 2,000 | ” |
| അഗസ്റ്റിൻ തരകൻ | 10,000 | ” |
| വിൻസന്റ് ഡേവിസ് ആലപ്പാട്ട് | 500 | ” |
| ജോസ് എ.ഡി., ആലപ്പാട്ട് | 2,000 | ” |
| ജോസ് കരേരക്കാട്ടിൽ | 1,000 | ” |
| ജോയി ചിറയത്ത് | 2,000 | ” |
| റാഫേൽ ജോർജ്ജ് കാഞ്ഞിരത്തിങ്കൽ | 2,800 | ” |
| ജോസഫ് മുണ്ടശ്ശേരി | 10,000 | ” |
| ഡേവിസ് അറക്കപ്പാടൻ | 1,000 | ” |
| ഫ്രെഞ്ചോ ഫ്രാൻസിസ് വേലൂക്കാരൻ | 500 | സെന്റ് പോൾസ് |
| ആൻസൻ എ.വി., ആളൂര് കൊക്കൻ | 2,000 | ” |
| ബൈജു ആളൂര് കൊക്കൻ | 1,000 | ” |
| ആന്റണി കെ.എൽ, കരേരക്കാട്ടിൽ | 2,000 | ” |
| ജോർജ്ജ് കൈതാരൻ | 500 | ” |
| ജോണി ഊക്കൻ | 4,000 | ” |
| ഡേവിസ് അക്കരപട്ട്യേക്കൽ | 7,000 | ” |
| ഡിബിൻ ഡേവിസ് അക്കരപട്ട്യേക്കൽ | 7,000 | ” |
| ഡിഷോർ ഡേവിസ് അക്കരപട്ട്യേക്കൽ | 7,000 | ” |
| ഡിറ്റോ ഡേവിസ് അക്കരപട്ട്യേക്കൽ | 6,000 | ” |
| തോമസ് സി.കെ. ചേർപ്പുക്കാരൻ | 10,000 | ” |
| പ്രിൻസ് ചാക്കേരി | 2,500 | ” |
| ആന്റണി പി.എൽ., പാലയൂർ | 3,000 | ” |
| ഡേവിസ് പെല്ലിശ്ശേരി | 250 | ” |
| ബെന്നി തരൂക്കര | 500 | സെന്റ് പീറ്റർ യൂണിറ്റ് |
| ആന്റണി കുരുതുകുളങ്ങര കൂള | 1,000 | ” |
| ഡോ. ജോയ് ആന്റോ തരകൻ | 2,000 | ” |
| റോസിലി വർഗ്ഗീസ് താണിക്കൽ | 500 | ” |
| സെബിൻ സെബാസ്റ്റ്യൻ കൊടിവളപ്പിൽ | 500 | ” |
| സിന്റോ ജോസ് എരിഞ്ഞേരി | 3,000 | ” |

| | | |
|---|---|---|
| ജിക്കോ കോടങ്കണ്ടത്ത് | 2,000 | ” |
| ബൈജു തരൂക്കര | 5,000 | ” |
| തോമസ് ചക്കാലക്കൽ | 1,000 | സെന്റ് ജോൺസ് യൂണിറ്റ് |
| ഫെലിക്സ് ഡോൺ കുണ്ടുകുളം | 200 | ” |
| ആനി ജോസ് മുറ്റിച്ചൂക്കാരൻ | 100 | ” |
| ചുങ്കത്ത് വർഗീസ് ജോബി | 2,000 | ” |
| കൊച്ചുത്രേസ്യ നെല്ലങ്കര | 2,000 | ” |
| ജോസ് തോട്ട്യാൻ | 500 | മഡോണ യൂണിറ്റ് |
| റാഫി പുളിക്കൽ | 1,000 | ” |
| കൊച്ചുത്രേസ്യ വറീത് ചാലിശ്ശേരി | 1,000 | ” |
| റോസി ജേക്കബ് തറയിൽ | 3,000 | ” |
| ലില്ലി ജോൺ അറക്കൽ മാറോക്കി | 5,00 | ” |
| പേളി ആന്റണി, മാളിയേക്കൽ മാത്തള | 500 | ” |
| മേരി ഡേവിഡ്, വേലൂക്കാരൻ | 15,000 | സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ് |
| പോൾ വി. എൽ. വടക്കൂട്ട് | 10,000 | ” |
| ഉപകാരി | 15,000 | ” |
| ജാൻസി ഫ്രാൻസിസ് അറങ്ങാശ്ശേരി | 2,500 | ” |
| ബാബു ചേളിപറമ്പിൽ | 1,000 | ” |
| ജൂവൽ മരിയ ആൻഡ്രൂസ്, പറപ്പുള്ളി | 500 | ” |
| റിജി റോബിൻ കാഞ്ഞിരത്തിങ്കൽ | 1,000 | ” |
| പൗളി വർഗ്ഗീസ് മുതുക്കൻ | 500 | ” |
| ലിയോ ജെയ്സൻ കൂള | 5,000 | ” |
| **ആകെ** | **7,30,000** | |

അഴഞ്ഞാട് ഇടവക ജനങ്ങളോട് നിങ്ങൾ കാണിച്ച വലിയ ഔദാര്യത്തിന് നന്ദി പറയുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ...

എന്ന്

നടത്തുകൈക്കാരൻ
**ശ്രീ. ജോഷി തട്ടിൽ**

വികാരി,
**റവ. ഫാ. ജെയ്സൻ പുന്നശ്ശേരി**

**അഡ്വ. നെറ്റോ നെല്ലിശ്ശേരി**
കുടുംബകൂട്ടായ്മ കേന്ദ്രസമിതി
കൺവീനർ

# ശിശുക്കളുടെ ഭാവി മാതാപിതാക്കന്മാരുടെ കരങ്ങളിലാണ്

**മേഴ്സി ജെസീന്റോ, സെന്റ് തോമാസ് യൂണിറ്റ്**

ഈശോയുടെ കുഞ്ഞുമക്കളേ....

ഈ കൊച്ചു സംഭവം ഒന്നു വായിച്ചു നോക്കൂ... അഞ്ചു വയസ്സു കാരനായ സഞ്ചു തന്റെ മുറിയിൽ തനിച്ച് ഉറങ്ങാറാണ് പതിവ്. ഒരു ദിവസം ഉറങ്ങാൻ നേരത്ത് അവന്റെ പപ്പ അവിടെ വന്നു. സഞ്ചു പപ്പയോട് കഥ പറയാൻ ആവശ്യപ്പെട്ടു,

കുറച്ചുസമയം കഴിഞ്ഞപ്പോൾ കഥ കേട്ട് അവന് ഉറക്കം വന്നു. അപ്പോൾ അവൻ പപ്പയോട് പറഞ്ഞു. എനിക്ക് ഒരു പ്രാർത്ഥന ചൊല്ലാനുണ്ട്. അമ്മ പഠിപ്പിച്ചുകൊടുത്ത് പ്രാർത്ഥന. അവൻ താഴെ ഇറങ്ങി മുട്ടുകുത്തി കൈകൾ കൂപ്പി ഈശോയെ നോക്കി പ്രാർത്ഥിക്കാൻ തുടങ്ങി. 'ഇപ്പോൾ ഇതാ ഞാൻ ഉറങ്ങാൻ കിടക്കുന്നു. എന്റെ ആത്മാവിനെ കാത്തുകൊള്ളണേ. ഞാൻ പുലരുന്നതിന് മുമ്പ് മരിക്കുകയാണെങ്കിൽ എന്റെ ആത്മാവിനെ കൈക്കൊള്ളണമേ എന്ന് കർത്താവിനോട് പ്രാർത്ഥിക്കുന്നു.' ഇങ്ങനെ എല്ലാ ദിവസവും അവൻ പ്രാർത്ഥിക്കാറുണ്ട്. അതിനുശേഷം അവൻ സ്വയം പ്രാർത്ഥിച്ചു. 'പ്രിയപ്പെട്ട ദൈവമേ, എന്നെ പപ്പയെപ്പോലെ ഒരു മഹാനും വലിയവനും നല്ലവനുമായ മനുഷ്യനാക്കണമേ. ദൈവമേ അങ്ങ് ഞങ്ങളുടെ കുടുംബത്തിന് തന്ന എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി. ഞങ്ങളെല്ലാവരേയും ഈശോയ്ക്ക് സമർപ്പിക്കുന്നു.' അങ്ങിനെ പ്രാർത്ഥിച്ചതിനുശേഷം അവൻ ഉറങ്ങാൻ കിടന്നു. അവൻ ഉറങ്ങിയെന്നു കണ്ടപ്പോൾ അവന്റെ പപ്പ പ്രാർത്ഥിക്കാൻ തുടഹ്ങി. അദ്ദേഹം പ്രാർത്ഥിച്ചു. 'പിതാവായ ദൈവമേ, എന്റെ മകൻ ഞാൻ എങ്ങിനെയാകണമെന്ന് ചിന്തിക്കുന്നതുപോലെ എന്നെ ഒരു മഹാനും വലിയവനും നല്ലവനുമായ ഒരു മനുഷ്യനാക്കണമേ.'

ഓരോ കുട്ടിക്കും തന്റെ മാതാപിതാക്കളെക്കുറിച്ച് നല്ല അഭിപ്രായമാണ്. സ്വന്തം ജീവിതമാതൃകയാണ് മാതാപിതാക്കൾക്ക് തങ്ങളുടെ മക്കൾക്ക് കൊടുക്കാൻ കഴിയുന്ന ഏറ്റവും നല്ല സമ്മാനം. മാതാപിതാക്കൾ അവരുടെ കുഞ്ഞുങ്ങൾക്ക് മാതൃകകളായിരിക്കണം. നമ്മുടെ കുഞ്ഞുങ്ങൾക്ക് എന്തെല്ലാം ഗുണങ്ങൾ വേണമെന്ന് നമ്മൾ ആഗ്രഹിക്കുന്നുവോ അവയൊക്കെ നമ്മുടെ ജീവിതത്തിലും സംസാരത്തിലും കാണിക്കാൻ നാം ശ്രദ്ധിക്കണം. ■

## ഞങ്ങൾ വരവായി

| റജി. നമ്പർ / ജനന തീയ്യതി | പേര്, വിലാസം |
|---|---|
| 19/2021<br>24.07.2021 | ഇല്ലിക്കൽ ജസ്റ്റിൻ ജോസ് & സുസ്മി ജസ്റ്റിൻ മകൾ അന്ന (ഇവ മരിയ ജസ്റ്റിൻ) 24.10.2021 |
| 20/2021<br>23.09.2024 | താണിക്കൽ ബെഞ്ചമിൻ വർഗ്ഗീസ് & ദിവ്യ മകൻ ജോസ് (അദിക് ബെഞ്ചമിൻ ടി.) 06.11.2021 |
| 10/2021<br>18.07.2021 | അറക്കപ്പാടൻ ആന്റണി ജോസ് & ആൻമേരി പോൾ മകൾ ഏല്യ (ജിയ ആന്റണി) 02.10.2021 |
| 06/2021<br>15.07.2021 | ഉതിരക്കല്ലിങ്കൽ നിധിൻ ബേബി & ടിൻസി നിധിൻ മകൻ ബേബി (ഫെറാൻ നിധിൻ) 11.10.2021 |

## ഞങ്ങൾ യാത്രയായി

| റജി. നമ്പർ / മരണ തീയ്യതി | പേര്, വിലാസം |
|---|---|
| 16/2021<br>27.09-.2021 | തോട്ടാൻ ജോൺ ജോർജ്ജ് (ജെറി) ഭാര്യ സിൽവി (63) ഹോളി ട്രിനിറ്റി |
| 17/2021<br>28.10.2021 | ചാലിശ്ശേരി കാളത്തോട്ടുകാരൻ ദേവസ്സി മകൻ ജോസ് (72) (ലിറ്റിൽ ഫ്ളവർ യൂണിറ്റ്) |
| 18/2021<br>01.11-.2021 | കുന്നൻ ജെയ്ക്കബ് മകൻ ദേവസ്സി (62) (ഹോളി ട്രിനിറ്റി യൂണിറ്റ്) |
| 19 2021<br>23.11.2021 | പുലിക്കോടൻ വറീത് മകൻ ദേവസ്സി (86) (സെന്റ് ജോൺസ് യൂണിറ്റ്) |

## മണവാളൻ മണവാട്ടി

| വിവാഹ തീയ്യതി | പേര്, വിലാസം |
| --- | --- |
| 15.09.2021 | അയ്യന്തോൾ ഇടവക കാരയിൽ ജോൺസൺ & ലില്ലി മകൻ ലിഥിൻ ജോൺസൺ<br>ചിയ്യാരം സേവനാലയം ഇടവക അഴകത്ത് കാവുങ്ങൽ ജോയ്സൻ & ജോയ്സി മകൾ അഞ്ജു |
| 25.10.2021 | അയ്യന്തോൾ ഇടവക ആലപ്പാട്ട് മേച്ചേരിപ്പടി ജോസ് അലക്സ് & വി.ടി. ഷേർളി മകൾ ഹണി ജോസ് എ. വരാപ്പുഴ അതിരൂപത ചത്തിയത്ത് ഇടവക പാറമ്മേൽ ജോർജ്ജ് & ജൂലിയറ്റ് മാർഗരറ്റ് മകൻ മാത്യു സെവിൻ |

## ഇടവകയിൽ നിന്നും മാറിപ്പോയവർ

| തീയ്യതി | പേര്, വിലാസം |
| --- | --- |
| 06.10.2021 | തേറാട്ടിൽ മാത്യു ഫ്രാൻസിസ് & കുടുംബം (സെന്റ് ജോസഫ്സ് യൂണിറ്റ്)- മുണ്ടൂർ ഇടവക |
| 08.10.2021 | പൂത്തേരി കുമാരൻ ഭാര്യ ഓമന (മേരി) & കുടുംബം (ക്രിസ്തുരാജ യൂണിറ്റ്) - പറവട്ടാനി |
| 11.11.2021 | എലുവത്തിങ്കൽ നെടുമ്പാക്കാരൻ തോമസ് മകൻ ജോർജ്ജ് (ജിനോയ്) & കുടുംബം (സെന്റ് ജോസഫ് യൂണിറ്റ്) - എറവ് |

ക്വിസ് മാസ്റ്റർ : **സി. കാതറിൻ** CHF




## 2021 നവംബർ - ഡിസംബർ 2021 മാസത്തെ ബൈബിൾ ക്വിസ്

പാഠ്യഭാഗം, നിയമാവർത്തനം 22-34, പ്രഭാഷകൻ 18-22, മർക്കോസ് 1-8, കോറിന്തോസ് 1-8.

1. ഒരുവൻ എവിടെയെല്ലാം ശപിക്കപ്പെട്ടവനായിരിക്കും എന്നാണ് നിയമാവർത്തനത്തിൽ പറയുന്നത്?
2. ഒരിക്കലും ധനവാനാകയില്ലാത്തതാര്?
3. നിയമാവർത്തന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന കല്പന എന്തിനുവേണ്ടിയാണ്?
4. അഗതിയും ദരിദ്രനുമായ കൂലിക്കാരന്റെ കൂലി കൊടുക്കേണ്ടതെപ്പോൾ?
5. നീ വയലിൽ വിത്തുവിതയ്ക്കും; പക്ഷേ കുറച്ചുമാത്രമേ കൊയ്യുകയുള്ളൂ. കാരണമെന്ത്?
6. നീ നശിക്കുന്നതുവരെ അവിടുന്ന് നിന്റെ കഴുത്തിൽ വയ്ക്കുന്നതെന്ത്?
7. പാപമോചനത്തിന്റെ, അനുതാപത്തിന്റെ ജ്ഞാനസ്നാനം പ്രസംഗിച്ചുകൊണ്ട് മരുഭൂമിയിൽ പ്രത്യക്ഷപ്പെട്ടത് ആര്?
8. യേശു സാത്താനാൽ പരീക്ഷിക്കപ്പെട്ട് മരുഭൂമിയിൽ വസിച്ചത് എത്ര ദിവസം?
9. അശുദ്ധാത്മാവ് അവനെ തള്ളിയിട്ടശേഷം എങ്ങനെയാണ് പുറത്തുവന്നത്?

10. കൈ ശോഷിച്ചവനോട് യേശു പറഞ്ഞതെന്ത്?

11. വിഗ്രഹാരാധകരുടെ മനഃസാക്ഷി ദുർബ്ബലമാകയാൽ അത് എന്തായിത്തീരുന്നു?

12. അറിവുണ്ടെന്നു ഭാവിക്കുന്നവർ അറിയുന്നില്ല. എന്ത്?

13. ഭാര്യയ്ക്ക് ഇഷ്ടമുള്ളവനെ ഭർത്താവായി സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ട്. എപ്പോൾ?

## 2021 സെപ്റ്റംബർ – ഒക്ടോബർ മാസത്തെ ക്വിസ് ശരിയുത്തരങ്ങൾ

1. പാലസ്തീനായിലെ ക്രൈസ്തവസമൂഹം
2. അബ്രാഹത്തിന്റെ വിളി
3. സർപ്പം
4. എ.ഡി. 75-നും 90-നും ഇടയ്ക്ക്
5. ദൈവമനുഷ്യബന്ധത്തിന്റെ ചരിത്രത്തിലെ 2 വ്യത്യസ്ത കാലഘട്ടങ്ങളെ
6. ആദ്യത്തെ പതിനൊന്നദ്ധ്യായങ്ങളിൽ
7. അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശു ക്രിസ്തുവിന്റെ വംശാവലി.
8. ഏദനു കിഴക്ക് നോദു ദേശത്ത്
9. ജീവന്റെ വൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും
10. അർക്കലാവോസ്
11. 40 ദിനരാത്രങ്ങൾ
12. നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗ്രഹീതമാകും
13. 14
14. യഹൂദജനത പ്രതീക്ഷിച്ചിരുന്ന സ്വർഗ്ഗരാജ്യം
15. കെരൂബുകളെ
16. ദൈവം നമ്മോടുകൂടെ
17. സ്നാപകയോഹന്നാൻ
18. മത്താ 3:17
19. ഉൽപ 2:3

## 2021 സെപ്റ്റംബർ – ഒക്ടോബർ മാസത്തെ ശരിയുത്തരം അയച്ചവർ

| | | |
|---|---|---|
| 1. മേരി വിൽസൻ | - | സെന്റ് പീറ്റർ യൂണിറ്റ് |
| 2. ആർദ്ര ജോമോൻ | - | സെന്റ് പീറ്റർ യൂണിറ്റ് |
| 3. സിസിലി അബ്രഹാം | - | സെന്റ് ജോസഫ് |
| 4. വിനീഷ ജിജോ | - | സെന്റ് പീറ്റർ |
| 5. ജോസ്ഫീന ജോയ് | - | സെന്റ് മേരീസ് |
| 6. നീതു മേജോ | - | സെന്റ് പീറ്റർ |
| 7. ഷാലി ബാബു | - | സെന്റ് ജോൺസ് |
| 8. ലൂസി ജോയ് | - | സെന്റ് സേവ്യർ |
| 9. മേഴ്സി ജെസിന്റോ | - | സെന്റ് തോമസ് |
| 10. ഡെയ്സി അന്തപ്പൻ | - | സെന്റ് മേരീസ് |
| 11. അപർണ്ണ ജോസ് | - | ലിറ്റിൽഫ്ളവർ |
| 12. ബബിത ജോഷി | - | ലിറ്റിൽഫ്ളവർ |

നറുക്കെടുപ്പിലൂടെ വിജയിയായത്

**ലൂസി ജോയ് ചിറയത്ത്**

സെന്റ് സേവിയേഴ്സ് യൂണിറ്റ്

# ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച്
ഡിസംബർ 25-ാം തിയ്യതിക്കുമുൻപ്
പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്)



സെപ്തംബർ, ഒക്ടോബർ മാസത്തെ
ചായകൂട്ട് മത്സര വിജയി
**ആദം ക്രിസ്ജെയ്ജോ**
സെന്റ് മേരീസ് യൂണിറ്റ്



# 12th Year of Demise



# N.M. JOSE

Thekkanatha Nellangara House

S/o N.R. Michael

| | |
|---|---|
| Wife : Agnes Jose | Ph : 0487 2380703 |
| | (Holy Trinity Unit, Little Road) |
| Son | Jaison Nellangara |
| Daughter | Jerry Bijoy |
| Son in Law | Bijoy Chemmanur |
| Grand Daughters | Cathern & Umiza |

## കട്ടിള നല്ലതാണെങ്കിൽ
## തലമുറകളുടെ കഥകൾ പറയും

Ocean
# LYKE WOOD
...better than wood

**DOOR & WINDOW**
# FRAME



മരത്തിനേക്കാൾ ഉറപ്പേറിയത് | ചിതൽപിടിക്കില്ല | നനഞ്ഞാലും വികസിക്കില്ല

Ocean®
WE GIVE LIFE TO PLASTIC


**OCEAN POLYMER INDUSTRIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in


**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888


nirmala hiprint Ph : 0487 2387393